# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3647 20.10.2016-ലെ മറുപടിക്ക്

**<u>ഹയർ സെക്കൻഡറി പ്രിൻസിപ്പൽ നിയമനം</u>**

| ചോദ്യം<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ഉത്തരം<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | രണ്ട് വർഷമായി ഗവൺമെന്റ് ഹയർ സെക്കൻഡറി വിഭാഗത്തിൽ ഇരുന്നൂറിൽപരം പ്രിൻസിപ്പൽമാരുടെ ഒഴിവുകൾ ഉണ്ടായിട്ടും പൂർണമായ രീതിയിൽ നിയമനം നടക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രിൻസിപ്പൽമാരുടെ നിലവിലുള്ള ലിസ്റ്റിൽ നിന്നും ധാരാളം ഒഴിവുകളുള്ള കാസർഗോഡ്, കണ്ണൂർ, വയനാട്, കോഴിക്കോട്, മലപ്പുറം ജില്ലകളിലേക്ക് പ്രിൻസിപ്പൽമാരെ നിയമിക്കാൻ ആലോചനയുണ്ടോ; | (ബി) | പ്രിൻസിപ്പാൾമാരുടെ സീനിയോറിറ്റി ലിസ്റ്റിലുള്ള തർക്കം ബഹു. ഹൈക്കോടതിയുടെ പരിഗണനയിൽ ആയതിനാൽ അന്തിമ കോടതി വിധിയ്ക്കു ശേഷമേ പ്രിൻസിപ്പാൾമാരുടെ ഒഴിവുള്ള തസ്തികകൾ നികത്താൻ കഴിയുകയുള്ളൂ. |
| (സി) | ഇത് സർക്കാർ വിദ്യാലയങ്ങളുടെ നിലവാരം ഒന്നുകൂടെ മെച്ചപ്പെടുത്തുവാൻ സഹായിക്കില്ലേയെന്ന് വ്യക്തമാക്കാമോ ? | (സി) | |
| (ഡി) | സർക്കാർ തലത്തിലുള്ള ഹയർസെക്കൻഡറി വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്താൻ ഏതെല്ലാം പദ്ധതികളാണ് ആവിഷ്കരിക്കുന്നത്; ഈ പദ്ധതികളെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാമോ ? | (ഡി) | സർക്കാർ തലത്തിലുള്ള ഹയർ സെക്കന്ററി വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുവാനുള്ള പദ്ധതികൾ സർക്കാർ ആസൂത്രണം ചെയ്തു വരുന്നതേയുള്ളൂ. |

സെക്ഷൻ ഓഫീസർ.